ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം – മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ലെ ശ്രീ ഷിനു.ഇ.എൻ, ഇലക്ട്രിക്കൽ വിഭാഗം ട്രേഡ്സ്മാൻ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)-1473/2024 കേസിൽ 12.11.2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് - ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) സീനിയോറിറ്റി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ജി) വിഭാഗം**

**നം.DTETVM/488/2025-EG3 (EG)** **തിരുവനന്തപുരം,**

**തീയതി : 20-05-2025**

---

വായന :-

1. സ.ഉ.(സാധാ) നം 335/2025/എച്ച്ഇഡിഎൻ തീയതി 14.03.2025 സർക്കാർ ഉത്തരവ്.
2. ഈ ഓഫീസിലെ ഉത്തരവ് നമ്പർ DTETVM/2651/2025-EB3 (EB) തീയതി 18.04.2025
3. ഈ ഓഫീസിലെ 24.11.2020 തീയതിയിലെ EG3/21037/20/ഡിടിഇ നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ലെ ശ്രീ ഷിനു.ഇ.എൻ, ഇലക്ട്രിക്കൽ വിഭാഗം ട്രേഡ്സ്മാൻ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)-1473/2024 കേസിൽ 12.11.2024 ലെ വിധിന്യായം പാലിച്ച് പരാമർശം (1) ഉത്തരവിനു വിധേയമായി, പരാമർശം (2) ഉത്തരവ് ആയിരിക്കുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം, "മേൽ സർക്കാർ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ പരാമർശം (6) ലെ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 2 ശ്രീ. മനീഷ് ചിത്തനും (നിയമന ശിപാർശ തിയതി 1.02.2010) ക്രമ നം.3. ശ്രീ. അനിസ്. വി.പിക്കും (നിയമന ശിപാർശ തീയതി 20.03.2013) ഇടയിലായി ക്രമ നം.2 (എ) ആയി പുതുക്കി നിശ്ചയിച്ച്, ശ്രീ.ഷിനു ഇ.എൻ ൻറെ തൊട്ടടുത്ത ജൂനിയറായ ശ്രീ. അനീസ്, വി. പി-ക്ക് തസ്തികമാറ്റം അനുവദിച്ച 03.06.2019 തീയതി മുതൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിൻറെ പ്രാബല്യത്തീയതിയും പുതുക്കി നിശ്ചയിച്ച് നൽകിക്കൊണ്ടും പരാമർശം (5) ലെ അന്തിമ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു. "

ശ്രീ.ഷിനു ഇ.എൻ-നു ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലേക്കുള്ള തസ്തികമാറ്റത്തിൻറെ പ്രാബല്യത്തീയതി 03.06.2019 തീയതി ആയി പുതുക്കി നിശ്ചയിച്ച് ഉത്തരവായ സാഹചര്യത്തിൽ, ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന്, പുതുക്കിയ പ്രാബല്യത്തീയതിയുടെ (03.06.2019 തീയതി) അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലെ സീനിയോറിറ്റി പരിഷ്കരിക്കേണ്ടതുണ്ട്.

ആയതിനാൽ, പരാമർശം (3), 24.11.2020 തീയതിയിലെ EG3/21037/20/ഡിടിഇ നമ്പർ സർക്കുലറിലെ 9. TRADE - ELECTRICAL / WIREMAN വിഭാഗത്തിൽ, ക്രമ നം. 3 ശ്രീ. മനീഷ് ചിത്തനും ക്രമ നം.4. ശ്രീ. അനിസ്. വി.പിക്കും ഇടയിലായി ക്രമ നം.3 (എ) ആയി, ശ്രീ.ഷിനു ഇ.എൻ ൻറെ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ) തസ്തികയിലെ സ്ഥാനം പുതുക്കി നിശ്ചയിച്ച്, പരാമർശം (3) സർക്കുലർ പരിഷ്കരിച്ച് ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (3) സർക്കുലർ നില നിൽക്കുന്നതാണ്.

**SHALIJ P R**

**DIRECTOR**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്/ സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

2 സൂപ്രണ്ട്, ഇബി സെക്ഷൻ.

2. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്).

Signed by
Shalij P R
Date: 20-05-2025 23:31:21